വളരെ ഗുരുതരമാണ്. സർ, ഈ കുറ്റം വളരെ ഗുരുതരമാണെങ്കിലും ഇതു ചെയ്യുന്നതു പലപ്പോഴും സാഹിത്യകാരൻമാരും മഹാൻമാരുമായിട്ടുള്ള ആളുകളാണ്. അവർക്കെതിരായിട്ടുള്ള നടപടികളും സ്വീകരിക്കുമ്പോഴും ആരോപണങ്ങളും പ്രതിഷേധങ്ങളും ശക്തമായിട്ടു വരും. അങ്ങനെയുള്ള ഒരു സെൻസിറ്റീവായിട്ടുള്ള ഒരു വിഷയമാണ്. എന്തായാലും ഇങ്ങനെയുള്ള സാഹിത്യകൃതികളും പ്രസിദ്ധീകരിക്കുക, അതു വിതരണംചെയ്യുക തുടങ്ങിയ കാര്യങ്ങളും തീർച്ചയായും നിരുൽസാഹപ്പെടുത്തേണ്ടതുണ്ട്. ഇത്തരം കുറ്റം ചെയ്യാതിരിക്കാൻ എല്ലാ വിഭാഗം ആളുകളുടെയും സഹകരണം ഗവൺമെൻറ് അഭ്യർത്ഥിക്കുകയാണ്. ഇങ്ങനെ എന്തെങ്കിലുമുണ്ടെങ്കിൽ ഗവൺമെൻറ് അതു പരിശോധിക്കുന്നതും തീർച്ചയായും നടപടികളും കർക്കശമാക്കുന്നതുമാണ്.

(iii) ഇരുമ്പും കൽക്കരിയും കോക്കും വ്യവസായാവശ്യങ്ങൾക്ക് ലഭിക്കാത്തതിനെ സംബന്ധിച്ച് ശ്രീ. കെ. സുകുമാരനുണ്ണിയുടെ സബ് മിഷൻ:

ശ്രീ. കെ. സുകുമാരനുണ്ണി: സർ, ഷൊർണ്ണൂർ മുതൽ പുതുശ്ശേരി വരെ ഷൊർണ്ണൂർ, പറളി, ഇടത്തറ, പുതുശ്ശേരി, പാലക്കാട് തുടങ്ങിയ ഇരുപതോളം കാർഷികോപകരണങ്ങളുൽപ്പാദിപ്പിക്കുന്ന വ്യവസായശാലകളുള്ള ഏറ്റവും വലിയ ഒരു വ്യവസായ മേഖലയായ പ്രദേശത്ത് ഇരുമ്പും കോളും കോക്കും കിട്ടാതെ 5000 ത്തോളം തൊഴിലാളികളും പൂർണ്ണമായും 10000 ത്തോളം തൊഴിലാളികളും ഭാഗികമായും ജോലി നഷ്ടപ്പെടുമോ എന്നു ഭയപ്പെട്ടു കഴിയുകയാണ്. സർ, മുൻപ് കേന്ദ്രഗവൺമെൻറ് ഇവർക്ക് ഒരു നിശ്ചിത കോട്ടാ കൊടുത്താണ് അവിടത്തെ വ്യവസായത്തെ സഹായിച്ചിരുന്നത്. എന്നാൽ ജനതാ ഗവൺമെൻറു വന്നശേഷം ആ കോട്ടാ പാടേ നിറുത്തൽ ചെയ്തിരിക്കുകയാണ്. ഇന്നു കിട്ടുന്നതു നാലിരട്ടിയും അഞ്ചിരട്ടിയും വിലയ്ക്കു ബ്ലാക്ക്മാർക്കറ്റിൽനിന്നാണ്. അങ്ങനെ പാലക്കാടൻ വ്യവസായ മേഖലയിൽ ഒരു വലിയ പ്രതിസന്ധിയാണു നേരിട്ടിരിക്കുന്നത്. ഇതിനു പരിഹാരമുണ്ടാക്കാൻ കേരളഗവൺമെൻറ് അതിൽ ശ്രദ്ധ ചെലുത്തി കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി വേണ്ട നടപടികളും സ്വീകരിക്കണം. അങ്ങനെ തൊഴിലാളികളെയും ആ വ്യവസായത്തെയും പുനരുദ്ധരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നു ഞാൻ ശ്രദ്ധയിൽ പെടുത്തുകയാണ്.

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ): സർ, ഈ വസ്തുത കേന്ദ്രഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. കൂടുതൽ ഇക്കാര്യത്തിൽ ചെയ്യാവുന്നതെല്ലാം ഗവൺമെൻറ് ചെയ്യുന്നതാണ്.

IV മേശപ്പുറത്തു വച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. 1979 ഫെബ്രുവരി 13.ാം തീയതിയിലെ ജി.ഒ.എം. എസ്. നമ്പർ 103/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 239/79).

LIBRARY ARCHIVES Kerala Legislative Assembly